## ക്രമപ്രശ്നം

### (1) ഓർഡിനൻസ് കൊണ്ടുവരുമെന്ന പ്രഖ്യാപനം പത്രസമ്മേളനത്തിൽ നടത്തിയത് സംബന്ധിച്ച്

ശ്രീമതി ഇ.എസ്. ബിജിമോൾ: സർ, കേരള നിയമസഭയുടെ സമ്മേളനം നടന്നുകൊണ്ടിരിക്കുമ്പോൾ നിയമസഭാംഗവും കെ.പി.സി.സി. പ്രസിഡന്റുമായ ശ്രീ. രമേശ് ചെന്നിത്തല നടത്തിയ പത്ര സമ്മേളനത്തിൽ നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമവുമായി ബന്ധപ്പെട്ട് ഓർഡിനൻസ് കൊണ്ടുവരുമെന്ന് പറഞ്ഞു. ഈ വിഷയമാണ് 303 അനുസരിച്ച് ക്രമപ്രശ്നമായി ഉന്നയിക്കുന്നത്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, നെൽവയലും തണ്ണീർത്തടവും ഇനി ഒരിഞ്ചുപോലും നഷ്ടപ്പെടാൻ പാടില്ലെന്നും അത് നഷ്ടപ്പെടുന്ന സാഹചര്യങ്ങൾക്കെതിരെ കർശനമായ നടപടി വേണമെന്നുമുള്ള ഈ സഭയുടെ പൊതുവികാരത്തിന്റെ അടിസ്ഥാനത്തിൽ യു.ഡി.എഫ്-ലും കോൺഗ്രസിലും ചർച്ച നടന്നു. ആ ചർച്ചയിൽ നിലവിലെ നിയമത്തിൽ മാറ്റങ്ങൾ വേണമെന്നും കർശനമായ വ്യവസ്ഥകൾ ഉൾക്കൊള്ളിക്കണമെന്നുമുള്ള നിർദ്ദേശമുണ്ടായി. അതാണ് ഒരു പുതിയ നിയമ നിർമ്മാണമെന്ന് അദ്ദേഹമുദ്ദേശിച്ചത്. അതിനപ്പുറത്തേയ്ക്ക് യാതൊന്നുമില്ല. അത് ഈ സഭയുടെ വികാരംകൂടി ഉൾക്കൊണ്ടുകൊണ്ടുള്ള അഭിപ്രായപ്രകടനമാണ്. അത് ഈ സഭയെ അവഹേളിക്കാനോ ക്രമവിരുദ്ധമായിട്ടുള്ള കാര്യങ്ങൾ പറയാനോ വേണ്ടിയല്ല. ഈ സഭയുടെ

വികാരവും നാടിന്റെ വികാരവുമുൾക്കൊണ്ടുകൊണ്ടുള്ള ഒരു നിയമ നിർമ്മാണമെന്ന് മാത്രമാണ് ശ്രീ. രമേശ് ചെന്നിത്തല ഉദ്ദേശിച്ചത്. ആ നല്ല അർത്ഥത്തിലെടുത്ത് അതിനെ അഭിനന്ദിക്കുന്നതിനുപകരം ഇങ്ങനെ ഒരു ക്രമപ്രശ്നം കൊണ്ടുവരേണ്ടിയിരുന്നോ എന്ന് മാത്രമേ ഞാൻ ചോദിക്കുന്നുള്ളൂ.

ശ്രീ. സി. ദിവാകരൻ: സർ, അതിന്റെ ആശയത്തെക്കുറിച്ചല്ല പറഞ്ഞത്. നിയമസഭാ സമ്മേളനം നടന്നുകൊണ്ടിരിക്കുമ്പോൾ നിയമ നടപടികളെക്കുറിച്ച് ഒരാൾ പത്രസമ്മേളനം നടത്തി. അതാണിവിടെ ചോദ്യം ചെയ്യുന്നത്. ആ ഉദ്ദേശശുദ്ധിയെയല്ല.

ശ്രീ. ഉമ്മൻ ചാണ്ടി: സർ, ഓർഡിനൻസ് കൊണ്ടുവരേണ്ടത് ഗവൺമെന്റാണ്. ഗവൺമെന്റിന്റെ ഭാഗത്തുനിന്നാണ് ഓർഡിനൻസ് കൊണ്ടുവരുമെന്ന് പറഞ്ഞാൽ അത് ചോദ്യം ചെയ്യാം. അതല്ലാതെ ഓർഡിനൻസിനെക്കുറിച്ച് ആരും പറയാൻ പാടില്ലെന്ന് പറഞ്ഞാൽ ശരിയാണോ? ഓർഡിനൻസ് കൊണ്ടുവന്നത് ഗവൺമെന്റാണ്. ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ആരെങ്കിലും പറഞ്ഞിരുന്നുവെങ്കിൽ നിങ്ങൾക്കിങ്ങനെ പറയാമായിരുന്നു. മറിച്ച് മറ്റുള്ളവരാരും ഓർഡിനൻസെന്നുള്ള വാക്ക് പറയരുതെന്ന് പറയുന്നത് ശരിയല്ല. ഇവിടെയുള്ള എല്ലാ ട്രേഡ് യൂണിയനുകളുംകൂടി ഇടപെട്ട് ഒരു നിവേദനം തന്നിട്ടുണ്ട്. ഈ നിയമസഭ കഴിഞ്ഞാൽ അവരുടെ രക്ഷക്കുവേണ്ടി ഓർഡിനൻസ് കൊണ്ടുവരണമെന്നാണ്. അത് പത്രത്തിൽ കൊടുക്കുന്നുണ്ട്. അതിൽ ആ തൊഴിലാളികൾ കുറ്റക്കാരാണോ?

ഓർഡിനൻസ് കൊണ്ടുവരേണ്ട ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് നിയമസഭാ സമ്മേളനം നടക്കുമ്പോൾ മന്ത്രിമാർ ഓർഡിനൻസ് കൊണ്ടുവരുമെന്ന് പറഞ്ഞാൽ അത് മനസ്സിലാക്കാം. യഥാർത്ഥത്തിൽ ശ്രീ. രമേശ് ചെന്നിത്തലയുടെ പ്രസ്താവനയെ നിങ്ങൾ അഭിനന്ദിക്കേണ്ടതായിരുന്നു. കാരണം ഈ സഭയുടെ വികാരമുൾക്കൊണ്ടുകൊണ്ടുള്ള ഒരു അഭിപ്രായ പ്രകടനമാണ് അദ്ദേഹം നടത്തിയത്. അതിനെ നിങ്ങൾ ഈ രീതിയിലെടുത്തത് നിർഭാഗ്യകരമായിപ്പോയി എന്നുകൂടി പറയുന്നു.

## റൂളിംഗ്

മി. സ്പീക്കർ: ശ്രീമതി ഇ.എസ്. ബിജിമോൾ ക്രമപ്രശ്നം എഴുതിത്തന്നപ്പോൾ അനുവദിച്ചു എന്നുമാത്രമേയുള്ളൂ. യഥാർത്ഥത്തിൽ ഇത് ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് വന്നതല്ല. അതുകൊണ്ട് ഇതിൽ ക്രമപ്രശ്നമൊന്നും നിലനിൽക്കുന്നില്ല.

## (2) വിദ്യാർത്ഥികൾക്ക് മർദ്ദനമേറ്റ സംഭവത്തിന്റെ തുടരന്വേഷണം

ശ്രീ. വി. ശിവൻകുട്ടി: സർ, 2012 ജൂൺ മാസം 18-ാം തീയതി തിരുവനന്തപുരത്ത് വിദ്യാർത്ഥികൾക്കുനേരെ അതിക്രൂരമായ പോലീസ് ലാത്തിചാർജ് നടന്നിരുന്നു. അത് സംബന്ധിച്ച് നിയമസഭയിൽ അടിയന്തര പ്രമേയവും സബ്മിഷനും വന്നിരുന്നു. ആ അവസരത്തിൽ ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി ഇത് സംബന്ധിച്ച് അന്വേഷണം നടത്തുമെന്നും കുറ്റക്കാരായ പോലീസ് ഉദ്യോഗസ്ഥർക്കെതിരെ കർശനമായ നടപടി സ്വീകരിക്കുമെന്നും സഭയ്ക്ക് ഉറപ്പുനൽകിയിരുന്നു. ഇപ്പോൾ സഭാ സമ്മേളനം അവസാനിക്കാറായി. ഈ പ്രശ്നം സംബന്ധിച്ച് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, ബഹുമാനപ്പെട്ട വി. ശിവൻകുട്ടി പറഞ്ഞതുപോലെ ഞാൻ സഭയ്ക്ക് ഉറപ്പുനൽകിയിരുന്നു. ഡി.ജി.പി അതിനെക്കുറിച്ച് അന്വേഷിച്ചു. അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ 4 പോലീസുകാർക്കെതിരെ നടപടിയെടുത്തിട്ടുണ്ട്. ഫർദറായിട്ടുള്ള ഓറൽ എൻക്വയറി നടത്തുന്നതിനുവേണ്ടി ചുമതലപ്പെടുത്തിയിട്ടുമുണ്ട്. ഈ റിപ്പോർട്ട് പ്രകാരം പ്രഥമദൃഷ്ട്യാ കുറ്റക്കാരെന്ന് കണ്ട തിരുവനന്തപുരം സിറ്റി എ.ആർ. ക്യാമ്പിലെ ഗ്രേഡ് അസിസ്റ്റന്റ് സുദർശനൻ, ആദർശ്, പ്രവീൺ രവി, പ്രവീൺ എന്നിവർക്കെതിരെ വാചാന്വേഷണം നടത്തുകയും അവരെ അവിടെനിന്ന് സ്ഥലം മാറ്റുകയും ചെയ്യും.

<u>മി. സ്പീക്കർ</u>: ശ്രീ. വി. ശിവൻകുട്ടി എഴുതിത്തന്ന ക്രമപ്രശ്നത്തിന് ബഹുമാനപ്പെട്ട ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മറുപടി പറഞ്ഞുകഴിഞ്ഞു. ആ പ്രശ്നം ഇവിടെ ക്ലോസ് ചെയ്യുന്നു.

## റിപ്പോർട്ട് സമർപ്പണം

സബ്ജക്ട് കമ്മിറ്റി XIII-ന്റെ 2012 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട്

പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ഡോ. എം.കെ. മുനീർ): സർ, പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രിയും സബ്ജക്ട് കമ്മിറ്റി XIII-ന്റെ അദ്ധ്യക്ഷനുമായ ഞാൻ കമ്മിറ്റിയുടെ 2012 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട് സമർപ്പിക്കുന്നു.